**രജിസ്റ്റേർഡ് (എഡി സഹിതം)**

**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**

വഞ്ചിയൂർ പി.ഒ, തിരുവനന്തപുരം പിൻ- 695035

ഫോൺ: 0471 2302490 ഫാക്സ്: 0471 2303025 / 2303080

ഇമെയിൽ: dhskerala.hlth@kerala.gov.in വെബ്സൈറ്റ്: www.dhs.kerala.gov.in

---

DHS/18615/2024-EA4 തീയതി. 07-08-2026

**കാരണം കാണിക്കൽ നോട്ടീസ്**

വിഷയം: ആരോഗ്യവകുപ്പ്- ജീവനക്കാര്യം - ഡോ നിതിൻ കൃഷ്ണ വി (Dr Nithin Krishna V PEN 892500), അസിസ്റ്റന്റ് സർജൻ / കാഷ്വാൽറ്റി മെഡിക്കൽ ഓഫീസർ - അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് - തുടർ നടപടി സ്വീകരിക്കുന്നത് – സംബന്ധിച്ച്

പരാമർശം: 1. DMOH-KTM/1055/2024-A1 തീയതി 27.07.2024

2. GE/6/C/N-1065/43 തീയതി 12.06.2025

ഡോ നിതിൻ കൃഷ്ണ വി (Dr Nithin Krishna V, PEN 892500), 01.07.2020 ന് ആരോഗ്യ വകുപ്പിൽ സേവനത്തിൽ പ്രവേശിച്ചു. 01.01.2023 മുതൽ 31.12.2025 വരെ പഠനാവശ്യത്തിനുള്ള ശൂന്യവേതനാവധിയ്ക്കായി സേവനത്തിൽ നിന്നും വിടുതൽ ചെയ്തിരുന്നു. കോഴ്സ് സർട്ടിഫിക്കറ്റ് പ്രകാരം കോഴ്സ് അവസാനിച്ചമുറയ്ക്ക് തിരികെ സേവനത്തിൽ പ്രവേശിപ്പിക്കുന്നതിന് താങ്കൾ അപേക്ഷ സമർപ്പിച്ചിരുന്നില്ല.

(2) കോഴ്സ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള കോഴ്സ് കാലയളവിലേയ്ക്കു മാത്രമേ കെ എസ് ആർ ഭാഗം 1 അനുബന്ധം XII B യിലെ വ്യവസ്ഥകൾക്ക് വിധേയമായി പഠനാവശ്യത്തിന് ശൂന്യവേതനാവധി അനുവദിക്കുന്നതിന് നിർവ്വാഹമുള്ളൂ. ഡോ നിതിൻ കൃഷ്ണ വി-യുടെ കോഴ്സ് 31.12.2025 ന് അവസാനിച്ചിരുന്നു. 01.01.2026 ന് സേവനത്തിൽ പുനഃപ്രവേശിക്കേണ്ടിയിരുന്ന താങ്കൾ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നതായി കണക്കാക്കുന്നു. പ്രൊബേഷൻ കാലാവധിയ്ക്കുള്ളിൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്നതിനാൽ താങ്കളുടെ വർക്ക് ആന്റ് കോണ്ടക്ട് തൃപ്തികരമായി കാണക്കാക്കുന്നതിന് കഴിയാത്തതിനാൽ 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങൾ പാർട്ട് II റൂൾ 19 (a) (ii) പ്രകാരം താങ്കളുടെ

പ്രൊബേഷൻ അവസാനിപ്പിക്കുന്നതിനും സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനും താത്കാലികമായി തീരുമാനിക്കുന്നു.

(3) ടി സാഹചര്യത്തിൽ മേൽ ഖണ്ഡിക പ്രകാരമുള്ള താത്കാലിക തീരുമാനത്തിനെതിരായി താങ്കൾക്ക് എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് നോട്ടീസ് ലഭിച്ച് 15 (പതിനഞ്ച്) ദിവസത്തിനകം രേഖാമൂലം ബോധിപ്പിക്കേണ്ടതാണ്. ടി വിഷയത്തിൽ താങ്കളെ നേരിട്ട് കേൾക്കണമെന്ന് ആഗ്രഹിക്കുന്നുവെങ്കിൽ ആയത് നോട്ടീസിനുള്ള മറുപടിയിൽ വ്യക്തമാക്കിയിരിക്കേണ്ടതാണ്. തൽസംബന്ധമായ വിശദീകരണം ടി കാലയളവിനുള്ളിൽ ലഭ്യമാക്കാത്തപക്ഷം താങ്കൾക്ക് ഇക്കാര്യത്തിൽ യാതൊന്നും ബോധിപ്പിക്കുവാനില്ലെന്ന നിഗമനത്തിൽ താങ്കളുടെ പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള താത്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

Digitally signed by
Meenakshy V
Date: 07-08-2026
18:40:09

**Dr MEENAKSHY V**

**DIRECTOR OF HEALTH SERVICES**

സ്വീകർത്താവ്,

**Dr Nithin Krishna V,**

**Guruprasadam, BN 220B,**

**Bapuji Nagar, Medical College P O,**

**Thiruvananthapuram**

(രണ്ടു പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു. ഒരു പകർപ്പ് താങ്കളുടെ തീയതിയോടു കൂടിയ ഒപ്പ് രേഖപ്പെടുത്തി തിരികെ ലഭ്യമാക്കേണ്ടതാണ്)

പകർപ്പ്,

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള,
തിരുവനന്തപുരം.
2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം),
കോട്ടയം.
3. മെഡിക്കൽ ഓഫീസർ ഇൻ ചാർജ്ജ്,
കുടുംബാരോഗ്യ കേന്ദ്രം പായിപ്പാട്, കോട്ടയം,
(ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരം)
4. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്

**5. ഫയൽ**